(ബി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മുളവന വില്ലേജിൽ ബ്ലോക്ക് 9-ൽ റീ-സർവ്വേ നമ്പർ 38-ൽപ്പെടുന്ന സർക്കാർ പുറമ്പോക്കിൽനിന്നും 02.02 ആർ വസ്തു റവന്യൂ വകുപ്പിൽ ഉടമസ്ഥാവകാശം നിലനിർത്തി പഞ്ചായത്തിന് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിരുന്നു. റോഡ് പുറമ്പോക്ക് സ്ഥലം പതിവിന് വിധേയമല്ലാത്തതിനാലും പഞ്ചായത്തിന്, ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം സർക്കാർ പുറമ്പോക്ക് നൽകാൻ നിർവ്വാഹമില്ലാത്തതിനാലുമാണ് വസ്തുവിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തി പഞ്ചായത്ത്/വാട്ടർ അതോറിറ്റിക്ക് പെർമിസ്സീവ് സാങ്ഷൻ നൽകുന്നതിന് ജില്ലാ കളക്ടർ ശിപാർശ നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് പേരയം ഗ്രാമപഞ്ചായത്തിന്റെ അർത്ഥനാപത്രം, ഭൂമിയുടെ കമ്പോളവില നിർണ്ണയ പത്രിക എന്നിവ ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചെങ്കിലും പഞ്ചായത്തിൽ നിന്നും റിക്കാർഡുകൾ ലഭ്യമായിട്ടില്ല.

(ബി) പേരയം ഗ്രാമപഞ്ചായത്തിന്റെ അർത്ഥനാപത്രം, ഭൂമിയുടെ കമ്പോളവില നിർണ്ണയ സ്റ്റേറ്റ്മെന്റ് എന്നിവ ലഭിക്കാത്തതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) റവന്യൂ വകുപ്പിൽ കാലതാമസമുണ്ടായോ എന്നു പരിശോധിച്ച് മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കാസർഗോഡ്-പട്ടയത്തിനുള്ള അപേക്ഷകൾ

160(3040) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് താലൂക്ക് ആഫീസിൽ നിലവിൽ പട്ടയത്തിനുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്, കാരണം വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച വിവരം അപേക്ഷകരെ അറിയിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളുടെ കാലപ്പഴക്കവും അപേക്ഷകരുടെ പേരു വിവരവും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾ പരിഹരിക്കപ്പെടാത്തത് ആരുടെ വീഴ്ച മൂലമാണ്, അവർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് താലൂക്ക് ഓഫീസിൽ നിലവിൽ 157 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ടി അപേക്ഷകർക്ക് പട്ടയം നല്കുന്നതിനുള്ള നടപടി വിവിധ ഘട്ടങ്ങളിലാണ്. ഈ വിവരം അപേക്ഷകരെ രേഖാമൂലം അറിയിക്കാറില്ല. അർഹരായ മുഴുവൻ അപേക്ഷകളിൽ ഭൂമി പതിവിനുള്ള വിശദമായ പ്രൊപ്പോസൽ വില്ലേജ് ഓഫീസർമാരിൽനിന്നും ലഭ്യമാക്കി അടിയന്തരമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അപേക്ഷകൾ പരിഹരിക്കപ്പെടുന്ന കാര്യത്തിൽ വീഴ്ച ഉണ്ടായിട്ടില്ലെന്നും സമയബന്ധിതമായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

വനാതിർത്തി ജില്ലകളിലെ പട്ടയ നടപടികൾ

161(3041) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവുമായി അതിർത്തി പങ്കിടുന്ന വിവിധ ജില്ലകളിൽ വനം-റവന്യൂ വകുപ്പുകളുടെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയ പ്രദേശങ്ങളിലെ പട്ടയ നടപടികൾ പൂർത്തിയാക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) വനവുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലെ ഏതെല്ലാം പ്രദേശങ്ങളിൽ, കോടതി കേസുകൾ നിലനിൽക്കുന്നതിനാൽ പട്ടയ നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) രജിസ്റ്റർചെയ്തിട്ട് 100 വർഷത്തിലധികമായ ആധാരം മുഖേന ഭൂമി കൈവശം വച്ചിട്ടുള്ളതും നിലവിൽ പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ സ്ഥലങ്ങൾ ഏതൊക്കെ ജില്ലയിൽ ഉണ്ടെന്ന് താലൂക്ക് - വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; പ്രസ്തുത വ്യക്തികൾക്ക് പട്ടയം നൽകുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചതും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതുമായ എല്ലാ പ്രദേശങ്ങളിലും പട്ടയം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കൊല്ലം ജില്ലയിലെ വനഭൂമിയുമായി ബന്ധപ്പെട്ട് ഒരു കേസിൽ കൊട്ടാരക്കര മുൻസിഫ് കോടതിയിൽ (ഒ.എസ്.524/92) കേസ് നില